"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം. ഡിഎ1/132/2018-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 09-03-2022

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തുന്ന പ്രവർത്തികളുടെ ജി.എസ്.റ്റി. ഈടാക്കുന്നത് - ജി.എസ്.റ്റി. രജിസ്ട്രേഷൻ എടുക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. സ.ഉ (അച്ചടി) നം. 87/2017/തസ്വഭവ; തീയതി 01.11.2017
2. പത്തനംതിട്ട ജില്ലാ കളക്ടറുടെ 04.01.2018 ലെ ഡി2-2361/2017/എ.ഡി.സി നമ്പർ കത്ത്

**********************

കോൺട്രാക്ട് വർക്കിൽ ഏർപ്പെടുന്ന എല്ലാ വ്യക്തികളും ഏജൻസികളും ജി.എസ്.ടി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കണമെന്നും റിട്ടേണിനൊപ്പം നികുതി അടക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എം.എൽ.എമാരുടെ പ്രത്യേക വികസന ഫണ്ടുപയോഗിച്ച് നടപ്പാക്കുന്നതിനായി നിർദ്ദേശിക്കുന്ന ഭൂരിഭാഗം പ്രവൃത്തികളും ഗുണഭോക്തൃസമിതി വഴി ചെയ്ത് പ്രവൃത്തി പൂർത്തിയാക്കിയശേഷം ഗുണഭോക്തൃസമിതി കൺവീനർക്കാണ് തുക അനുവദിച്ചുനൽകുന്നതെന്നും മിക്കവാറും ആ ഒരു പ്രവൃത്തി മാത്രം ചെയ്യുന്ന കൺവീനർമാർ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും പത്തനംതിട്ട ജില്ലാ കളക്ടർ സൂചന (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ചുവടെയുള്ള സ്പഷ്ടീകരണം നൽകുന്നു.

ചരക്ക് സേവന നികുതി നിയമപ്രകാരം സർക്കാർ വകുപ്പുകൾക്ക് രണ്ട് തരത്തിലുള്ള നികുതി ബാധ്യതയാണുള്ളത്.

1. നികുതിദായകൻ എന്ന നിലയിലുള്ള ബാധ്യത (Tax payer liability)

സർക്കാർ വകുപ്പുകൾക്ക് നികുതിദായകൻ എന്ന നിലയിലുള്ള ബാധ്യത ഉണ്ടാകുന്നത് ചരക്കുകളുടെയോ സേവനങ്ങളുടേയോ നേരിട്ടുള്ള വിതരണം നടത്തുമ്പോൾ മാത്രമാണ്. സേവനങ്ങൾ ഗുണഭോക്തൃ സമിതികൾ വഴി ചെയ്യുമ്പോൾ, ഗുണഭോക്തൃ സമിതികളോ മറ്റു കരാറുകാരോ ചരക്ക് സേവന നികുതി നിയമമനുസരിച്ച് പ്രത്യേക വ്യക്തികൾ ആയതിനാൽ ടി കമ്മിറ്റിയുടെ വാർഷിക വിറ്റുവരവ് 20 ലക്ഷത്തിന് മുകളിലാകുന്ന പക്ഷം ചരക്ക് സേവന നികുതി രജിസ്ട്രേഷൻ എടുക്കുകയും നികുതി ഒടുക്കുകയും ചെയ്യേണ്ടതുണ്ട്.

2. സ്രോതസ്സിൽ നിന്നും നികുതി പിരിക്കേണ്ട ബാധ്യത (TDS liability)

ചരക്ക് സേവന നികുതി നിയമത്തിലെ 51-ാം വകുപ്പ് പ്രകാരം സർക്കാർ വകുപ്പുകൾ സ്വീകരിക്കുന്ന ഒരു പ്രത്യേക ചരക്കിന്റെയോ സേവനത്തിന്റേയോ ആകെ കരാർ തുക 2.5

ലക്ഷത്തിൽ കൂടുതലാണെങ്കിൽ ടി.ഡി.എസ്. ബാധകമാണ്. എന്നാൽ ചരക്ക് സേവന നികുതി ലോ കമ്മിറ്റി 28.09.2018-ന് പുറപ്പെടുവിച്ച എസ്.ഒ.പി.(SOP)-യിലെ ഖണ്ഡിക 4-ൽ ഖണ്ഡം (I) പ്രകാരം രജിസ്ട്രേഷൻ ഇല്ലാത്ത വ്യക്തികളിൽ നിന്നും സ്വീകരിയ്ക്കുന്ന സേവനത്തിന്/ചരക്കുകൾക്ക് ടി.ഡി.എസ്. പിടിക്കേണ്ടതില്ല.

നികുതി ബാധ്യതയുള്ള ഗുണഭോക്തൃ സമിതികൾക്ക് Normal Tax payer ആയോ Casual Taxable Person ആയോ രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. Casual Taxable Person ആയി രജിസ്ട്രേഷൻ എടുക്കേണ്ട സാഹചര്യത്തിൽ, ചരക്ക സേവന നികുതി നിയമത്തിലെ 27-ാം വകുപ്പ് പ്രകാരമുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
നികുതി (ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sureshkumar K**
**Date: 09-03-2022 15:34:44**

സെക്ഷൻ ഓഫീസർ.